# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2085. 26.03.2013 ൽ മറുപടിയ്ക്ക്.

## സ്വകാര്യ ബസ് യാത്രക്കാരിൽ നിന്നും പണം വാങ്ങിയശേഷം ടിക്കറ്റ് നൽകാതിരിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ. കെ. അജിത് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസുകളിൽ യാത്രക്കാരിൽ നിന്നും പണം വാങ്ങിയിട്ടും ടിക്കറ്റ് നൽകാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഈ രീതിയിൽ ടിക്കറ്റ് നൽകാതിരിക്കുന്നതിന് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പണം വാങ്ങിയിട്ടും യാത്രക്കാർക്ക് ടിക്കറ്റ് നൽകാതിരിക്കുന്ന ബസുകൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | അനുമതി നല്കിയിട്ടില്ല. വാഹന പരിശോധന സമയത്ത്, യാത്രക്കാരിൽ നിന്നും പണം വാങ്ങിയിട്ട് ടിക്കറ്റ് നൽകാത്ത സ്വകാര്യ ബസ്സുകൾക്കെതിരെ കർശന നടപടി എടുക്കാറുണ്ട്. ഇനിയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഏതെല്ലാം സ്ഥലങ്ങളിലാണ് യാത്രക്കാരിൽ നിന്നും പണം വാങ്ങിയിട്ടും ടിക്കറ്റ് നൽകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ ചില റൂട്ടുകളിൽ ഇത്തരം പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ ; | (ഡി) | മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും അതിനുമുകളിൽ റാങ്കുള്ള ഓഫീസർമാരും പോലീസ് . വകുപ്പിൽ സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസും അതിനു മുകളിൽ റാങ്കുള്ള ഓഫീസർമാരും ആണ് ഇതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ. |

| | | | |
|---|---|---|---|
| (ഇ) | പണം നൽകിയിട്ടും യാത്രക്കാർക്ക് ടിക്കറ്റ് നൽകാത്ത ബസുകൾ ക്കെതിരെ യാത്രക്കാർ ആരോടാണ് പരാതിപ്പെടേണ്ടതെന്ന് അറിയിക്കുമോ; ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാ നാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | മോട്ടോർ വാഹന വകുപ്പിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കുമാണ് പരാതി നല്കേണ്ടത്. ജനങ്ങളെ ബോധവൽ ക്കരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.